ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൽകിയ നികുതിയിളവുകൾ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധം ആയി സമർപ്പിക്കുന്നു. പ്രസ്തുത നികുതിയിളവുകൾമൂലം നികുതി വരുമാനത്തിലുണ്ടായ കുറവ് സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) നികുതിയിളവ് നൽകേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിലാണ് നികുതിയിളവുകൾ സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

(സി) കേരള വിൽപ്പന നികുതി നിയമപ്രകാരം കയറ്റുമതി ചെയ്യുന്ന സാധനങ്ങൾക്ക് നികുതി ഈടാക്കുന്നില്ല. ഇറക്കുമതി ചെയ്യുന്ന സാധനങ്ങൾ, പ്രവേശന നികുതി നിയമത്തിലെ പട്ടികയിൽപ്പെടുന്നതാണെങ്കിൽ പ്രവേശന നികുതി ഈടാക്കുന്നതാണ്.

(ഡി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് വിൽക്കുകയോ സപ്ലൈ ചെയ്യുകയോ ചെയ്യുന്ന സാധനങ്ങൾക്ക് 1-1-1994 മുതൽ 31-3-1995 വരെയുള്ള കാലയളവിൽ 4% നികുതയായി കുറയ്ക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലുണ്ട്.

വിൽപ്പന നികുതി വരുമാനം

9 [5463] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലും ഓരോ ജില്ലയിലെയും വിൽപ്പന നികുതി വരുമാനം എന്തു തുക വീതമായിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) മേൽപ്പറഞ്ഞ കാലയളവുകളിൽ ഓരോ ജില്ലയിൽനിന്നും പിരിച്ചെടുക്കേണ്ടിയിരുന്ന തുക എത്രവീതമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ കാലയളവുകളിൽ മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം വിൽപ്പന നികുതി വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ അവ എന്തു തുകവീതം ഏതൊക്കെ ഇനങ്ങളിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിൽപ്പന നികുതി വരുമാനം അനുബന്ധമായി ചേർക്കുന്നു.††

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.¶

(സി) മേൽപ്പറഞ്ഞ കാലയളവുകളിൽ മുൻവർഷത്തെ അപേക്ഷിച്ച് ഈ വർഷം വിൽപ്പന നികുതിയിനത്തിൽ ഉണ്ടായ വ്യത്യാസം അനുബന്ധമായി ചേർക്കുന്നു.§ മൊത്ത വരുമാനത്തിൽ കുറവുണ്ടായിട്ടില്ല. 3.31 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

നികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനായി അവലോകന-റിവ്യൂ യോഗങ്ങൾ

10 [5464] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.
†† അനുബന്ധം IV (a)
¶ അനുബന്ധം IV (b)
§ അനുബന്ധം IV (c)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV (a)

[8-8-2003 -ലെ 9(5463)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.]

ജില്ല തിരിച്ചുള്ള വിൽപ്പന നികുതി വരുമാനം

ജില്ല	2002 (തുക കോടിയിൽ)				2003 (തുക കോടിയിൽ)			
	ഏപ്രിൽ	മേയ്	ജൂൺ	ആകെ	ഏപ്രിൽ	മേയ്	ജൂൺ	ആകെ
തിരുവനന്തപുരം	32.79	103.18	101.30	237.27	7.52	114.12	118.66	240.33
കൊല്ലം	3.77	11.37	11.88	27.02	3.62	9.84	12.82	26.28
പത്തനംതിട്ട	0.61	1.91	1.92	4.44	0.93	1.71	2.03	4.68
ആലപ്പുഴ	2.29	7.74	4.59	14.62	1.46	4.55	5.31	11.32
കോട്ടയം	3.46	9.93	11.33	24.73	3.57	10.35	13.74	27.66
ഇടുക്കി	1.54	2.50	1.50	5.54	1.26	2.47	2.66	5.39
എറണാകുളം	72.51	144.38	233.89	450.78	93.32	188.29	132.89	455.51
മട്ടാഞ്ചേരി	6.86	23.14	23.42	53.44	6.03	21.06	24.78	51.86
തൃശ്ശൂർ	4.41	15.79	14.37	35.54	3.12	11.16	13.96	28.24
പാലക്കാട്	6.47	18.01	17.19	41.67	6.97	16.26	18.30	41.54
മലപ്പുറം	1.44	5.38	4.56	11.38	2.04	5.10	8.12	13.27
കോഴിക്കോട്	7.66	15.96	15.42	39.04	5.54	16.11	18.14	39.79
വയനാട്	0.49	0.67	0.75	1.92	0.46	0.75	0.95	2.16
കണ്ണൂർ	3.11	8.34	8.57	20.03	3.54	8.43	9.96	21.92
കാസർഗോഡ്	2.39	2.49	1.47	6.34	1.47	2.75	1.91	6.14
ആകെ	149.84	371.78	452.16	973.77	140.86	412.94	423.28	977.06

അനുബന്ധം IV (b)

[8-8-2003-ലെ 9(5463)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.]

ഓരോ ജില്ലയിൽ നിന്നും വിൽപ്പന നികുതിയിനത്തിൽ പിരിച്ചെടുക്കേണ്ടിയിരുന്ന തുക

ജില്ല	ഏപ്രിൽ	മേയ്	ജൂൺ	ഏപ്രിൽ	മേയ്	ജൂൺ
(1)	(2)	(3)	(4)	(5)	(6)	(7)
തിരുവനന്തപുരം	37.35	93.38	93.38	43.08	109.20	116.48
കൊല്ലം	4.65	11.63	11.63	5.22	13.05	13.92
പത്തനംതിട്ട	0.78	1.95	1.95	0.90	2.25	2.40
ആലപ്പുഴ	2.07	5.18	5.18	2.34	5.85	6.24
കോട്ടയം	4.20	10.50	10.50	5.19	12.98	13.84
ഇടുക്കി	1.05	2.63	2.63	1.23	3.08	3.28
എറണാകുളം	85.89	214.73	214.73	96.08	240.15	256.16
മട്ടാഞ്ചേരി	10.20	25.50	25.50	11.52	28.80	30.72
തൃശ്ശൂർ	5.28	13.20	13.20	6.21	15.53	16.56
പാലക്കാട്	6.08	15.15	15.15	7.35	18.38	19.60
മലപ്പുറം	2.19	5.48	5.48	2.85	6.38	6.80
കോഴിക്കോട്	6.57	16.43	16.43	7.38	18.45	19.68
വയനാട്	0.39	0.98	0.98	0.45	1.13	1.20
കണ്ണൂർ	3.39	8.48	8.48	3.93	9.83	10.48
കാസർഗോഡ്	0.93	2.33	2.33	0.99	2.48	2.64
ആകെ	171.00	427.50	427.50	195.00	487.50	520.00

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV(c)

[8-8-2003-ലെ 9(5463)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.]

വിൽപ്പന നികുതിയിനത്തിൽ ഉണ്ടായ വ്യത്യാസം

ജില്ല	വരുമാനത്തിന്റെ വർദ്ധനവ്/കുറവ് (തുക കോടിയിൽ)
തിരുവനന്തപുരം	3.06 (വർദ്ധനവ്)
കൊല്ലം	0.74 (കുറവ്)
പത്തനംതിട്ട	0.22 (വർദ്ധനവ്)
ആലപ്പുഴ	3.30 (കുറവ്)
കോട്ടയം	2.93 (വർദ്ധനവ്)
ഇടുക്കി	0.85 (വർദ്ധനവ്)
എറണാകുളം	4.73 (വർദ്ധനവ്)
മട്ടാഞ്ചേരി	1.58 (കുറവ്)
തൃശ്ശൂർ	7.30 (കുറവ്)
പാലക്കാട്	0.13 (കുറവ്)
മലപ്പുറം	1.89 (വർദ്ധനവ്)
കോഴിക്കോട്	0.76 (വർദ്ധനവ്)
വയനാട്	0.24 (വർദ്ധനവ്)
കണ്ണൂർ	1.89 (വർദ്ധനവ്)
കാസർഗോഡ്	0.20 (കുറവ്)
ആകെ	3.31 (വർദ്ധനവ്)

അനുബന്ധം V

[8-8-2003-ലെ 58(5512)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക.]

കാസർഗോഡ് ജില്ലയിൽ പ്ലാന്റേഷൻ കോർപ്പറേഷൻ മേഖലയിൽ തദ്ദേശവാസികളിൽ കാണപ്പെട്ട എൻഡോസൾഫാൻ പ്രയോഗംമൂലമുണ്ടായെന്നു സംശയിക്കപ്പെട്ട രോഗബാധകളെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തുവാൻ സംസ്ഥാന സർക്കാർ ജില്ലയിൽ (ആർടി.)353/2001/എ.ഡി. തീയതി 25-2-2001 പ്രകാരം പരിസ്ഥിതി ഗവേഷകനായ ഡോ. എ. അച്യുതൻ അദ്ധ്യക്ഷനായും സംസ്ഥാന കൃഷി ഡയറക്ടർ കൺവീനറായും ഒരഞ്ചംഗ കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കമ്മിറ്റിയുടെ പഠന നിഗമനങ്ങൾ താഴെപ്പറയും പ്രകാരമാണ്:

1. കാസർഗോഡ് പ്ലാന്റേഷൻ കോർപ്പറേഷൻ പ്രദേശത്തെ പരിസ്ഥിതി ഘടകങ്ങൾ അന്തരീക്ഷമാർഗ്ഗേനയുള്ള മരുന്നു തളിക്ക് അനുയോജ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

2. എൻഡോസൾഫാൻ എന്ന ഒരേ കീടനാശിനിതന്നെ 1981 മുതൽ സ്ഥിരമായി ഉപയോഗിച്ച് വരുന്നതിനാൽ ഇത്തരത്തിൽ തുടർച്ചയായി ഉപയോഗിക്കപ്പെടുന്ന മറ്റേതു കീടനാശിനിയെപ്പോലെ ഇതും മനുഷ്യരിലും മൃഗങ്ങളിലും രൂക്ഷമായ വിഷബാധയ്ക്ക് കാരണമാകാവുന്നതാണ്. എന്നാൽ ഇക്കാര്യം സംശയാതീതമായി സ്ഥിരീകരിച്ചിട്ടില്ല.

3. കാസർഗോഡ് പ്ലാന്റേഷൻ കോർപ്പറേഷൻ തോട്ടങ്ങൾക്കു സമീപമുള്ള പഞ്ചായത്തുകളിലെ ജനങ്ങളിൽ കാണപ്പെടുന്ന ആരോഗ്യപ്രശ്നങ്ങൾക്ക് എൻഡോസൾഫാൻ പ്രയോഗവുമായി നേരിട്ട് ബന്ധമുണ്ടെന്നോ ഇല്ലെന്നോ സ്ഥാപിക്കുവാൻ ഉതകുന്ന ശാസ്ത്രീയ തെളിവുകൾ ഒന്നും ഇതുവരെ ലഭിച്ചിട്ടില്ല.

പഠനത്തിനുശേഷം അച്യുതൻ കമ്മിറ്റി മുന്നോട്ടുവച്ച ശുപാർശകൾ ചുവടെ ചേർക്കുന്നു:

1. പ്ലാന്റേഷൻ കോർപ്പറേഷന്റെ എല്ലാ കശുമാവ് തോട്ടങ്ങളിലും അന്തരീക്ഷ മാർഗ്ഗേനയുള്ള എല്ലാ കീടനാശിനി പ്രയോഗവും നിരോധിക്കുക.

2. കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ എല്ലാ കശുമാവ് തോട്ടങ്ങളിലും അഞ്ച് വർഷത്തേയ്ക്ക് എൻഡോസൾഫാൻ കീടനാശിനി പ്രയോഗം മരവിപ്പിക്കുക.

3. കൂടാതെ പെരിയ ഡിവിഷനിലുള്ള കശുമാവ് തോട്ടങ്ങളിൽ അഞ്ച് വർഷത്തേയ്ക്ക് എല്ലാവിധ കീടനാശിനി പ്രയോഗങ്ങൾക്കും പൂർണ്ണ അവധി നൽകുക.

4. പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിൽ കാസർഗോഡുള്ള മറ്റു കശുമാവ് തോട്ടങ്ങളിൽ ആവശ്യകത തിട്ടപ്പെടുത്തി മാത്രം നിലത്തുനിന്നുകൊണ്ടുള്ള കീടനാശിനി പ്രയോഗം വിദഗ്ദ്ധരുടെ സാങ്കേതിക സഹായത്തോടെ നടപ്പിലാക്കുക.

5. പ്ലാന്റേഷൻ കോർപ്പറേഷനിലെ കീടനാശിനി പ്രയോഗവും മറ്റു സസ്യസംരക്ഷണ മാർഗ്ഗങ്ങളും ശാസ്ത്രീയമായി തിട്ടപ്പെടുത്തുക.

6. സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ രൂപപ്പെടുത്തുന്നതിനുള്ള ഗവേഷണം ത്വരിതപ്പെടുത്തുക.

7. തേയിലക്കൊതുകിനെതിരെ പ്രതിരോധ ശേഷിയുള്ള കശുമാവിനങ്ങൾ ഗവേഷണം നടത്തി ഉൽപ്പാദിപ്പിക്കുക.

8. പ്ലാന്റേഷൻ കോർപ്പറേഷന്റെ പരിസരത്തുള്ള ജനങ്ങൾ അനുഭവിക്കുന്ന അസാധാരണമായ ആരോഗ്യപ്രശ്നങ്ങളെ അടിസ്ഥാനപ്പെടുത്തി ഒരു വിശദമായ ആരോഗ്യ സർവ്വേ നടത്തുക.

9. അനാരോഗ്യം അനുഭവിക്കുന്നവർ പാവപ്പെട്ട ജനവിഭാഗമായതിനാൽ അവർക്കാവശ്യമായ പ്രത്യേക വൈദ്യസഹായം സർക്കാർ അനുവദിക്കുക.

10. കീടനാശിനികളേയും അവയുടെ പ്രയോഗത്തേയും കുറിച്ച് തദ്ദേശവാസികളെ ബോധവാൻമാരാക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുക.

LIBRARY ARCHIVES Kerala Legislative Assembly